**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം:*435** **21/10/2016 ൽ മറുപടിക്ക്**

**"കൃഷി ഭവനുകൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ"**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എൽദോ എബ്രഹാം**<br>**ശ്രീ. സി. ദിവാകരൻ**<br>**ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ**<br>**ശ്രീ. ഇ.കെ. വിജയൻ:** | **ശ്രീ.വി. എസ്. സുനിൽകുമാർ**<br>**(കൃഷിവകുപ്പ് മന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കൃഷിഭവനുകൾ കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ; | (എ)<br>1. കൃഷി ഭവനുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും പദ്ധതികൾ സുതാര്യമായി നടപ്പിലാക്കുന്നതിനും വേണ്ടി പഞ്ചായത്തുതല കാർഷിക വികസന സമിതികൾ പുന:സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണനയിലാണ്.<br>2. കൃഷി ഭവന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, ഇക്കോഷോപ്പ് എന്നിവ പുതുതായി ആരംഭിക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും, കർഷകർക്ക് ആവശ്യമായ എല്ലാ സാങ്കേതിക സഹായങ്ങളും കൃഷി ഭവനിലൂടെ ലഭ്യമാക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്. അഗ്രോ സർവ്വീസ് സെന്ററുകളുടെ ഭാഗമായി ബയോഫാർമസി, മണ്ണ് പരിശോധനാ ലാബ് എന്നിവ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>3. കൃഷി ഭവനിലൂടെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ സംബന്ധിച്ചും, നൂതന കൃഷി രീതികൾ, ഹൈടെക്ക് |

| | |
|---|---|
| | കൃഷി, മറ്റ് പുതിയ കൃഷി അറിവുകൾ തുടങ്ങിയവ ഇന്റർനെറ്റ് മുഖേനയും വിവിധ സോഷ്യൽ മീഡിയകൾ മുഖേനയും കർഷകരിൽ യഥാസമയം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>4. കർഷകർക്ക് കൃഷി സംബന്ധമായ എല്ലാ വിവരങ്ങളും ലഭ്യമാക്കുന്നതിനായി *'കാർഷിക വിവര സങ്കേതം'* എന്ന ഒരു വെബ്പോർട്ടൽ ആരംഭിച്ചിട്ടുണ്ട്.<br>5. കൃഷി ഓഫീസർമാരുടെ PSC റാങ്ക് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| ബി) 'അഗ്രോ ക്ലിനിക്കുകൾ' കൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) വിളകളെ ബാധിക്കുന്ന കീടരോഗ നിർണ്ണയവും നിയന്ത്രണമാർഗ്ഗങ്ങൾ സംബന്ധിച്ച നിർദ്ദേശവും നൽകുന്നതിനുള്ള സംവിധാനമാണ് അഗ്രോ ക്ലിനിക്കുകൾ കൊണ്ട് ലക്ഷ്യമിടുന്നത്. മണ്ണിന്റെ പരിശോധനയും സന്തുലിത വളപ്രയോഗവും കൂടാതെ ജൈവ രോഗ-കീടനാശിനികളെക്കുറിച്ചും സൂക്ഷ്മാണു വളങ്ങൾ, സൂക്ഷ്മാണു-രോഗ കീടനാശിനികൾ എന്നിവയുടെ ഉപയോഗത്തെക്കുറിച്ച് കർഷകർക്ക് അവബോധം സൃഷ്ടിക്കുന്നതും അഗ്രോ ക്ലിനിക്കിന്റെ ലക്ഷ്യമാണ്. |
| സി) കൃഷിഭവനുകളെ കർഷകർക്ക് ആവശ്യമായ എല്ലാ സാമഗ്രികളും ലഭിക്കുന്ന 'അഗ്രോ ക്ലിനിക്കുകൾ' ആക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) കൃഷി ഭവനുകളിൽ കർഷകർക്ക് ആവശ്യമായ സാങ്കേതിക സഹായങ്ങൾ, രോഗകീട നിയന്ത്രണമാർഗ്ഗങ്ങൾ എന്നിവ ലഭ്യമാക്കുന്നതിനുള്ള സേവനങ്ങൾ നടത്തുന്നുണ്ട്. കർഷകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും സസ്യസംരക്ഷണം, ജൈവകൃഷി മുതലായവയ്ക്കുള്ള ശുപാർശകളും കൃഷി ഭവൻ മുഖേന നൽകിവരുന്നു. ഘട്ടം ഘട്ടമായി എല്ലാ കൃഷി ഭവനുകളിലും അഗ്രോ |

ക്ലിനിക്കിന്റെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനാണ് കൃഷി വകുപ്പ് ലക്ഷ്യമിടുന്നത്.

| | |
|---|---|
| ഡി) കൃഷി ഓഫീസർമാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും നടപടികൾ പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഡി) കൃഷി ഓഫീസർമാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി കർഷക രജിസ്ട്രേഷൻ, ഓൺലൈൻ പേമെന്റ്, എസ്.എം.എസ്, സോഷ്യൽ മീഡിയ എന്നിവ മുഖേനയുള്ള കാർഷിക വികസന വിജ്ഞാന വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അഗ്രോസർവ്വീസ് സെന്റർ, കാർഷിക കർമ്മസേന, കസ്റ്റം ഹയറിംഗ് സെന്ററുകൾ എന്നിവയുടെ സേവനം, കൃഷി ഭവൻ മുഖേനയുള്ള പദ്ധതികളുടെ അപേക്ഷകൾ ഓൺലൈൻ ആക്കുക എന്നീ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി ഓഫീസർ നിരന്തര ഫീൽഡ് വിസിറ്റ് നടത്തുന്നതിനും കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് പഠിച്ച് പ്രശ്നപരിഹാരത്തിനും വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ